കഥ

ശിവദാസൻ എ.കെ.
ഇല്ലസ്ട്രേഷൻ: സുധീർ പി.വൈ.

# കടിഞ്ഞൂൽ



രാച്ചിയമ്മ പതിവു സമയത്തുതന്നെ എഴുന്നേറ്റു. ഒന്നമർത്തിയതേയുള്ളൂ, അടുക്കള ജനാലയുടെ മരവാതിൽ നേരിയ കരച്ചിലോടെ തുറന്നു. കിഴക്ക് വെള്ള കീറാൻ തുടങ്ങിയിട്ടുണ്ട്. മേടക്കാവിൽ നിന്നുള്ള പ്രഭാത കീർത്തനം പക്ഷികളുടെ കലപിലയ്ക്കൊപ്പം തെളിഞ്ഞു കേൾക്കാം.

ചായ്പിലെ ഉത്തരത്തിൽ കെട്ടിത്തൂക്കിയ പ്ലാസ്റ്റിക് ഡപ്പിയിൽ നിന്ന് ഉപ്പും കുരുമുളകും ചേർത്ത ഒരു നുള്ള് ഉമിക്കരി എടുത്ത് പല്ലു തേച്ചു. പരപരാ വെളുത്തു തുടങ്ങിയ മുറ്റത്തൂടെ തോട്ടിറമ്പിലേക്ക് തപ്പിത്തപ്പി നടന്നു. മൂക്കു പൊത്തിപ്പിടിച്ച് മുങ്ങി നിവർന്നു. ഈറനുടുത്തു വന്ന് നാരകച്ചോട്ടിലെ ദേവിക്കും വീരഭദ്രനും തിരിവച്ചു. ക്ലാവു പിടിച്ച് തളർന്നുപോയൊരു നിലവിളക്കിൽ ഇത്തിരി എണ്ണയൊഴിച്ച് ഉമ്മറത്തു കൊണ്ടുവച്ചപ്പോൾ മൂടിപ്പുതച്ചു കിടന്ന വേലു ഒന്നു ഞരങ്ങി. രാത്രി മുഴുവൻ ചുമയായിരുന്നു. ഇപ്പഴായിരിക്കണം ഉറങ്ങിയത്.

രാച്ചിയമ്മ വെള്ളം തിളപ്പിച്ച് കട്ടൻ കാപ്പിയിട്ടു. പാൽക്കാരൻ പയ്യന്റെ സൈക്കിളിന്റെ മണിയടി റോഡിലൂടെ അകന്നുപോയി. കട്ടൻകാപ്പി വേലുവിന്റെ തലയ്ക്കൽ വച്ച് രാച്ചിയമ്മ ചൂലുമെടുത്ത് മുറ്റത്തേക്കു വന്നു. കോഴിക്കൂട്ടിൽ പരസ്പരം കലഹിച്ചു മടുത്ത കോഴികളെ തുറന്നുവിട്ട് ചപ്പിലകൾ അടിച്ചു കൂട്ടാൻ തുടങ്ങി. മുറ്റത്തെത്തിയപ്പോൾ തീരെ ശോഷിച്ചു പോയ പാടത്തേക്ക് വെറുതെയൊന്നു നോക്കി. മഞ്ഞിന്റെ നരപ്പിനപ്പുറം മേടക്കാവിന്റെ നടപ്പുരയുടെ ഓടിന്റെ ചുവപ്പ് പൊട്ടുപോലെ തെളിഞ്ഞു. നിർന്നിമേഷയായി നോക്കിനിന്നപ്പോൾ കണ്ണിൽ അച്ഛൻ കിട്ടോപ്പന്റെ രൂപമായിരുന്നു. എത്രയോ കാലം മേടക്കാവിലെ പൂജാരിയും കോമരവുമൊക്കെയായിരുന്നു കിട്ടോപ്പൻ. രാച്ചിയമ്മ നാളെയും നേരത്തെ എണീക്കും.

പക്ഷേ കണി കാണാൻ മേടക്കാവുണ്ടാവില്ല. വിളക്കുവയ്ക്കാൻ ദേവിയും വീരഭദ്രനുമില്ല. മുങ്ങിക്കുളിക്കാൻ തോട്ടിറമ്പുണ്ടാവില്ല. നാരകത്തറ ശൂന്യമായിക്കിടക്കും.

രാച്ചിയമ്മയെക്കണ്ടാൽ നാളെ മുതൽ കോഴിയെ പിടിക്കാൻ വരുന്ന ചങ്ങാലി എറിയൻ തിരിഞ്ഞുനിന്ന് കണ്ണുരുട്ടിയെന്നു വരും. വീട്ടിൽ വഴക്കുണ്ടാക്കാൻ വേണ്ടി കലപില കൂടുന്നു എന്നു കുറ്റാരോപിതരായ കാക്കത്തമ്പുരാട്ടിയും മഞ്ഞക്കിളിയും കൂടി ഗൗനിച്ചേക്കില്ല. ഇതെല്ലാം അവരെങ്ങനെ മനസ്സിലാക്കാനാണെന്നാണോ? ഉത്തരമുണ്ട്. ഒന്നുംരണ്ടുമല്ല. കൊല്ലം അറുപത്തിയഞ്ചാണ്. പല രൂപത്തിൽ പല ഭാവത്തിൽ രാച്ചിയമ്മ അതിർത്തിയിട്ട മണ്ണാണ്. നട്ടുനനച്ച തൊടിയാണ്. അവിടെ നിന്നാണ് പടിയിറങ്ങുന്നത്. തറയിലെ നാരകത്തിനറിയാം. മാനം മുട്ടെ നീണ്ടുപോയ നാട്ടുമാവിനും കീഴെ കുനിഞ്ഞുപോയ അമ്പഴത്തിനുമറിയാം. എന്നും രാച്ചിയമ്മയുടെ ശകാരം കേട്ട് മടുത്തുപോയ മഞ്ഞക്കിളിക്കും കാക്കത്തമ്പുരാട്ടിക്കും ചങ്ങാലി എറിയനുമറിയാം. ഇനി മുതൽ രാച്ചിയമ്മ ഇവിടെ ആരുമല്ലെന്ന്.

ഉമ്മറത്തിണ്ണയിൽ നിന്ന് വേലൂന്റെ ചുമ കേട്ടു തുടങ്ങി. കുടിച്ചു കുടിച്ച് കരളില്ലാണ്ടായേക്കണു. ഓർത്താൽ രാച്ചിയമ്മയ്ക്ക് ഉള്ളിലൊരാന്തലാണ്. ഏതു വെള്ളമൊഴിച്ചാലും കെടാത്ത ഒരാന്തൽ.

രാച്ചിയമ്മയ്ക്ക് വേലുവിനെ വിലക്കണമെന്നുണ്ട്. പക്ഷേ എങ്ങനെ പറ്റും? രാച്ചിയമ്മയ്ക്ക് നാരകത്തറയിൽ ദേവിയും വീരഭദ്രനും കൂട്ടുണ്ട്. കണ്ണുരുട്ടിപ്പേടിപ്പിക്കാൻ ചങ്ങാലി എറിയനുണ്ട്. നാക്കു കഴയ്ക്കെ ചീത്ത വിളിക്കാൻ കാക്കത്തമ്പുരാട്ടിയും മഞ്ഞക്കിളിയുമുണ്ട്. പിന്നെയും ഒറ്റയ്ക്കിരിക്കുമ്പോൾ വിശേഷം പറയാൻ ആരോടും പറയാത്ത ഒരാളുണ്ട്. രാച്ചിയമ്മയുടെ അലസിപ്പോയ കടിഞ്ഞൂൽ. അതിനുശേഷം രാച്ചിയമ്മ ഗർഭിണിയായിട്ടില്ല. പക്ഷേ രാച്ചിയമ്മ കണക്കുകൂട്ടി. മാസം തികഞ്ഞു പ്രസവിച്ചു എന്ന കണക്ക്. അലസിപ്പോയ കടിഞ്ഞൂൽ

രാച്ചിയമ്മയെക്കണ്ടാൽ നാളെ മുതൽ കോഴിയെ പിടിക്കാൻ വരുന്ന ചങ്ങാലി എറിയൻ തിരിഞ്ഞുനിന്ന് കണ്ണുരുട്ടിയെന്നു വരും. വീട്ടിൽ വഴക്കുണ്ടാക്കാൻ വേണ്ടി കലപില കൂടുന്നു എന്നു കുറ്റാരോപിതരായ കാക്കത്തമ്പുരാട്ടിയും മഞ്ഞക്കിളിയും കൂടി ഗൗനിച്ചേക്കില്ല.

അങ്ങനെ ആകാരമില്ലാത്ത പിള്ളയായി. ആദ്യത്തെ കുഞ്ഞ് പെണ്ണായിരിക്കണം എന്നാണ് മോഹിച്ചത്. അവൾക്ക് പേരിട്ടു. ദേവൂട്ടി. ആരും കാണാതെ രാച്ചിയമ്മ താരാട്ടുപാടി, അവൾ കളിപ്പാട്ടങ്ങൾ പണിതു. അവളോട് കിന്നാരം പറഞ്ഞു. പക്ഷേ വേലുവിനാരുണ്ട്? രാച്ചിയമ്മ മാത്രം.

ഈ അവസാനകാലത്ത് ജീവിതത്തിന്റെ വിളുമ്പിൽ നിന്നു നോക്കിയാൽ എന്തുണ്ട്? ഒന്നുമില്ല ശൂന്യം. അതുകൊണ്ട് വേലു കുടിക്കുന്നു. ബോധം മറയെ കുടിക്കുന്നു. രാച്ചിയമ്മയ്ക്ക് തടുക്കണമെന്നുണ്ട്. പക്ഷേ എങ്ങനെ?

പണിയെടുക്കാൻ ശേഷി കുറഞ്ഞപ്പോൾ വേലു കടം വാങ്ങി കുടിച്ചു. പലിശ വളർന്ന് ആകെയുള്ള ഇരുപതു സെന്റ് പുരയിടത്തെയും വിഴുങ്ങുമെന്ന് രാച്ചിയമ്മ ഓർത്തില്ല. ഈ മണ്ണിൽ നിന്നിറങ്ങുന്നത് അവർക്ക് അജ്ഞാതമായിരുന്നു. അവരുടെ അപ്പനപ്പൂപ്പന്മാർ അന്തിയുറങ്ങുന്ന മണ്ണാണ്. ഒടുവിൽ അത് ഇല്ലാതാവുമ്പോൾ.... എന്നിട്ടും വേലുവിനെ പഴിക്കാനാകുന്നില്ല. വേലൂനെന്തുണ്ട് നേരംപോക്കിന്?

രാച്ചിയമ്മയ്ക്ക് ഇരുപതു വയസുള്ളപ്പോൾ വിവാഹം കഴിച്ചുകൂടിയതാണ് വേലു. എന്ത് ലാഭം കിട്ടി? ആദ്യത്തെ കടിഞ്ഞൂൽ അലസിപ്പോയി. കുട്ടികളുണ്ടാവില്ലെന്നറിഞ്ഞിട്ടും ഇട്ടിട്ടുപോയില്ല. രാച്ചിയമ്മ പോകുന്നിടത്തെല്ലാം വേലു കൂടെപ്പോയി.മേടക്കാവിലെ മീനവേലയ്ക്ക് തൊട്ടുമുമ്പുള്ള പറയെടുപ്പിന്. അച്ഛൻ കിട്ടോപ്പന്റെ കൂടെ കാവിൽ പരികർമിയായി പോകുമ്പോൾ. വേലയ്ക്കു മുമ്പ് നാൽപത്തിയൊന്നു ദിവസം വ്രതമെടുക്കുമ്പോൾ എല്ലാം വേലു കൂടെയുണ്ടായിരുന്നു.

തീം ധീം തിധീം തിംധീം
ധീംതീം ധീംതീം

ഓർമകളിലെവിടെയോ വീക്കൻചെണ്ടകളിലെ താളം മുഴങ്ങുന്നു. പറയിൽ ചൊരിഞ്ഞിട്ട നെല്ലിൽ വാളുകുത്തിപ്പിടിച്ച് ചെമ്പട്ടു ചുറ്റി, അരമണി കെട്ടി കിട്ടോപ്പൻ ഉറയാൻ തുടങ്ങി.

"ഹീയോ.....ഹീയോ...ഹിയ്യോ.....ഹിയ്യോ."

റോഡിലൂടെ പാഞ്ഞുപോയ പത്രക്കാരൻ പയ്യന്റെ മോട്ടോർബൈക്കിന്റെ പട പട ശബ്ദം രാച്ചിയമ്മയെ ഓർമയിൽ നിന്നുണർത്തി.

പത്രക്കാരനോ പാൽക്കാരനോ ഈ വീടിനു നേർക്ക് നോക്കാറില്ല. രാച്ചിയമ്മ പുറത്തേക്കു നോക്കി. മൺകൂനകൾ നിറച്ച ലോറികൾ അവിടവിടെയായി ഇഴഞ്ഞു നീങ്ങുന്നു. പച്ചപ്പ് മാഞ്ഞുപോകുന്ന പാടത്ത് കൂണുപോലെ മുളച്ചു പൊന്തുന്ന സൗധങ്ങൾ. മേടക്കാവിന്റെ കാഴ്ച മറച്ച് ഗർവോടെ വളരുന്ന കോൺക്രീറ്റ് ഭിത്തികൾ. അല്ലെങ്കിൽ മേടക്കാവ് തന്നെ ഒരുതരം കോൺക്രീറ്റ് ഭിത്തിയായില്ലേ.

രാച്ചിയമ്മയുടെ ഓർമയിലപ്പോൾ വീണ്ടും കിട്ടോപ്പൻ പുനർജനിച്ചു. കാവിലേക്ക് ചുവന്ന ചെത്തിപ്പൂവും ചേമ്പിലയിൽ പൊതിഞ്ഞു നടക്കുമ്പോൾ കൊച്ചു രാച്ചിയമ്മ ചോദിക്കുന്നു: "അച്ഛാ ഇത് നമ്മുടെ കാവാ?"

"കാവ് ദേവിട്യാ മോളേ." എന്നിട്ട് കിട്ടോപ്പൻ പറയുന്നു. "പല ജാതിക്കാരേം അമ്പലങ്ങളിൽ കേറ്റാത്ത കാലത്ത് തീണ്ടൽക്കാർക്കുള്ള കാവാർന്നു മേടക്കാവ്."

"ദേവിക്കു തീണ്ടലും തൊടീലും ഇല്ല."

പച്ച വിരിച്ച പാടത്തെ രണ്ടായി

പിളർന്ന് നെടുവരമ്പ്. വരമ്പിനു ചുറ്റും പൊത്താണ്. ഒരു കാൽപ്പെരുമാറ്റം കൊണ്ട് തല വലിച്ചില്ലാതാകുന്ന ഞണ്ടും തവളയും നീർക്കോലിയും കൊട്ടാരം കെട്ടി പാർക്കിന്നിടം.

നേരെ നടന്നു ചെല്ലുന്നത് കാവിലേക്കാണ്. ഒറ്റ മുറിക്കാവ്. ഒരു കൊട്ടിലുപോലെ. വാടിയ പൂവ് തുടച്ചുമാറ്റുമ്പോൾ രാച്ചിയമ്മ നോക്കാറുണ്ട്. ദേവീടെ മുഖത്തെന്താണാവോ? തന്നെ നോക്കുന്നുണ്ടോ? എന്തെങ്കിലും അതൃപ്തി തെളിയുന്നുണ്ടോ?

തിളക്കമേ കണ്ടുള്ളൂ. എന്നിട്ടെന്തേ ഒരു കുഞ്ഞിക്കാല്?

പെട്ടന്നവൾ വിരൽ കടിക്കും. പിന്നാരോടാണ് വെളുത്തിരുട്ടും വരെ കിന്നാരം. പിന്നെയും കുറേക്കഴിഞ്ഞാണ്. പാടവും തോടുമെല്ലാം പുതുക്കിപ്പണിയപ്പെട്ടിരുന്നു. ചെമ്മണ്ണു തിന്നു മടുത്ത ഇടവഴിയോരത്തെ തെങ്ങുകൾ ടാറിന്റെ പകൽച്ചൂടിൽ ചൂളി നിൽക്കാൻ തുടങ്ങി. തലങ്ങും വിലങ്ങും ഓടുന്ന കാറുകളുടെ പത്രാസ് ഒരിരമ്പമായി ചെവികളെ മൂടാൻ തുടങ്ങിയ കാലം. അപ്പഴാണ് 'കാവുകെട്ടു കിടന്നാൽ നാടു മുടിയില്ലേ' എന്ന വർത്തമാനം പരന്നത്.

രാച്ചിയമ്മയ്ക്കു മനസ്സിലായില്ല. അവർ കണ്ട കാവ് കെട്ടതല്ല. മുനിഞ്ഞു കത്തുന്ന നിലവിളക്കിന്റെ തിരിനാളത്തിൽ തെളിയുന്ന മുഖം കെട്ടതല്ല. പിന്നെവിടെയാണ് കാവ് കെട്ടത്. തകൃതിയായി പിരിവു നടന്നു. ചെറുപ്പക്കാരായിരുന്നു മുമ്പിൽ. പുതിയ നടപ്പുര, നാലമ്പലം എല്ലാം പണിതീർന്നു.

നടപ്പുരയിൽ കവിടി നിരത്തിയ പ്രശ്നക്കാർ ഉറപ്പിച്ചു പറഞ്ഞു, ശാസ്ത്രവിധി പ്രകാരമല്ല പൂജകൾ. തന്ത്രം പഠിച്ചവർ പൂജിക്കണതാണ് ദേവിക്കിഷ്ടം. സമയവും സന്ദർഭവുമില്ലാതെ പെണ്ണുങ്ങൾ ശ്രീകോവിലിൽ കയറുന്നത് അശുഭമാണ്. മൂടിക്കെട്ടിയ മുഖവുമായി കിട്ടോപ്പൻ വീട്ടിലേക്കു വന്നു. ആരൊക്കെയോ സമാധാനിപ്പിക്കാൻ കൂടെ വന്നു.

"പ്രശ്നവിധ്യല്ലേ ഒപ്പരേ. ദേവീടെഷ്ടല്ലേ പ്രധാനം."

കിട്ടോപ്പൻ പിന്നെ കാവിലേക്കു പോയിട്ടില്ല. ഒരിക്കൽ ഇത്രയും പറഞ്ഞു. "പെണ്ണേ, നമ്മളെന്നെങ്കിലും ദേവീടെ മൊകം കറുത്ത് കണ്ടിട്ടുണ്ടോ. ഇനി നമ്മളെ ഇഷ്ടല്ലാന്നു വച്ചാ ആ പടി കടക്കണ്ടാ."

രാച്ചിയമ്മ പിന്നെയൊരിക്കലും കാവിലേക്കു പോയിട്ടില്ല. ദേവിക്ക് പറ നിറച്ചിട്ടില്ല. പോത്തിൻകൊമ്പ് മിനുസപ്പെടുത്തിയ ചീർപ്പെടുത്ത് മുടി ചീകുകയായിരുന്നു രാച്ചിയമ്മ. വേലു പിന്നിൽ വന്നു നിന്നത് അറിഞ്ഞില്ല.

"അത്യാവശ്യം വലുപ്പോള്ള ഒരു ചായ്പണ്. രണ്ടുപേർക്കു സുഖായിട്ട് കൂടാം. മ്മക്ക് ഇപ്പോ ഇതല്ലേ മാർഗള്ളോ."

അയാളുടെ സ്വരത്തിൽ കുറ്റബോധം നിഴലിച്ചിരുന്നു. കുറേ മാറി, നാളെ മുതൽ അവർ താമസിക്കാൻ പോകുന്ന വാടകവീടിനെക്കുറിച്ചാണ് അവർ പറയുന്നത്. "ചുറ്റും പൊറോം ഇത്തീരിശ്ശേ കാടുണ്ട്. അതൊന്നു തെളിക്കണം. ആൾപ്പാർപ്പില്ലാണ്ട് കെടക്കണ ഇടല്ലേ. ഇഴജാത്യോള് ഉണ്ടാകും. മാറാല തട്ടി ഒന്ന് അടിച്ചുതെളിച്ച് ഇടണം." രാച്ചിയമ്മ മിണ്ടിയില്ല. വേലു കൈക്കോട്ടും അരിവാളുമെടുത്ത് തനിച്ചു പോയി. രാച്ചിയമ്മയെ നിർബന്ധിക്കാൻ അയാൾക്ക് ധൈര്യം വന്നില്ല.

രാച്ചിയമ്മയുടെ തലയ്ക്കു മുകളിൽ തോളുരുമ്മി മാവിലകൾ കിന്നാരം പറഞ്ഞു. അവർ കണ്ടു. നിറയെ പൂത്തിട്ടുണ്ട്. ഉണ്ണിമാങ്ങകൾ വീണ് പച്ചച്ചുപോയ നിലം. അമ്പഴം പഴുപ്പായിട്ടുണ്ട്. പണ്ടൊക്കെ മാമ്പഴവും അമ്പഴങ്ങയുമെല്ലാം കുട്ടയിലാക്കി രാച്ചിയമ്മ പടിക്കൽവയ്ക്കും. സ്കൂൾ വിട്ടുവരുന്ന കുറേ കുട്ടികളുടെ ഇടത്താവളമാണ് ആ വീട്. പിന്നെപ്പിന്നെ കുട്ടകളിലെ പഴങ്ങൾ അങ്ങനെത്തന്നെ ഇരുന്നു. നടന്നു പോകുന്ന കുട്ടികളെ കാണാതായി. ഇര



മ്പിപ്പോകുന്ന വണ്ടികളിൽ നിന്ന് വല്ലപ്പോഴും ചില കുസൃതിക്കണ്ണുകൾ അപ്പൂപ്പൻതാടി പോലെ മുറ്റത്തു പാറിവീണു. അത്രമാത്രം.

തിം ധീം തിംധീം തിംധീം ധീം തീം ധിംധീം

രാച്ചിയമ്മ കേട്ടു. ചെണ്ടയിൽ മുഴങ്ങുന്ന ശബ്ദം മീനവേലിക്കു മുമ്പുള്ള പറയെടുപ്പാണ്. എത്രയോ നാളായി പറ നിറച്ചു നൽകിയിട്ട്. ഇന്നുതന്നെ പറയെടുപ്പ് വന്നതെന്തേ? അതറിയില്ല. ഒരു മണി നെല്ല് ആരുടെയും കൈയിലില്ല. പറയെടുപ്പിന് പണം കൊടുത്താൽ മതി. നെല്ല് അവരു കൊണ്ടുവരും.

രാച്ചിയമ്മയ്ക്കു തോന്നി ഒരു പറ നിറയ്ക്കണം. ഈ വീട്ടിലെ അവസാനത്തെ പറ. രാച്ചിയമ്മ പെട്ടിയിൽ പരതി. ചില നോട്ടുകളും ചില്ലറത്തുട്ടുകളും കൈയിൽത്തടഞ്ഞു. എണ്ണിനോക്കി. തികഞ്ഞേക്കും. ഉച്ച കഴിഞ്ഞിരുന്നു. മീനവെയിൽ കത്തിയൊതുങ്ങിയിരുന്നില്ല. ഉല പോലെ ചുവക്കാൻ തുടങ്ങുകയാണ് ആകാശച്ചെരുവുകൾ.

തിംധീം തിംധീം

വീണ്ടും ചെണ്ടയുടെ മുഴക്കം. മുമ്പേ വന്നയാൾക്ക് അത്ഭുതം!

രാച്ചിയമ്മ വീണ്ടും പറ നിറയ്ക്കുന്നു.

"ദേവ്യോടെന്തിനാ പരിഭവല്ലേ."

ചാണകം മെഴുകിയ മുറ്റത്ത് അരിക്കളം വരയ്ക്കുന്നതിനിടയിൽ അയാൾ ചോദിച്ചു. കളത്തിനുമേൽ തൂശനില വച്ചു. ഇലയിൽ പറ വച്ചു. നടുവിൽ ക്ഷീണിച്ചു കുഴഞ്ഞ ഒരു തെങ്ങിൻപൂക്കുല. കുട്ടയിൽ നിറച്ച നെല്ല് ചൊരിഞ്ഞിടുമ്പോൾ രാച്ചിയമ്മയുടെ കൈ വിറച്ചു.

ചുറ്റും പാണ്ടിയുടെ രൗദ്രതാളം തകർത്തു. പട്ടു ചുറ്റി, അരമണി കിലുക്കി വാൾ നെല്ലിൽ കുത്തി കോമരം വിറച്ചു.

ച്ലും ച്ലും എന്ന് കിണുങ്ങിക്കരയുകയായി അരമണികൾ. സ്വയം മറന്ന് കോമരം ഉറഞ്ഞു. അരിയും പൂവും വാരിയെറിഞ്ഞു.



ഹീയോ....ഹീയോ....ഹിയ്യോ...ഹിയ്യോ....ഹിയ്യോ

കോമരം തുള്ളിയുറയവെ രാച്ചിയമ്മ കണ്ടു. ചെമ്പട്ട് മായുന്നു. അരമണിയും വാളും മായുന്നു. കേൾക്കുന്നത് കോമരത്തിന്റെ സ്വരമല്ല. മറ്റാരുടെയോ സ്വരം. ചിരപരിചിതമെന്ന പോലെ. പിന്നാര്?

ശ്രദ്ധിച്ചു നോക്കി. അതേ സ്വരം. വെളുത്തിരുട്ടും വരെ കിന്നാരം പറയുന്ന സ്വരം. അപ്പോൾ തുള്ളുന്നതാരാണ്?

രാച്ചിയമ്മയുടെ പിറക്കാതെ പോയ കടിഞ്ഞൂൽ. രൂപമില്ലാത്ത പിള്ള. ഇപ്പോൾ, അഴിഞ്ഞുലഞ്ഞ വാർമുടി. നെറ്റിത്തടത്തിൽ ചന്ദ്രനുദിച്ച പോലെ. വില്ലു മുറിച്ചതു പോലെ പുരികം. മാൻമിഴിയൊത്ത കണ്ണിണ. എള്ളിൻ പൂവുപോലെ മൂക്ക്. മാറിൽ നിറയെ മാല. കൊഴുത്ത കൈകളിൽ വാളും വട്ടകയും. മുകിലൊത്ത ആടകൾ.

ഹീയോ...ഹീയോ...ഹിയ്യോ

കടിഞ്ഞൂലാടിയുലഞ്ഞു. രാച്ചിയമ്മ മുട്ടുകുത്തി. കടിഞ്ഞൂൽ ചിരിച്ചു. മുല്ല മൊട്ടുപോലെ പല്ല്. കടിഞ്ഞൂൽ കൈയുയർത്തി. രാച്ചിയമ്മ കൈ പിടിച്ചു. മേളത്തിന്റെ പകർന്നാട്ടത്തിൽ തല കുലുക്കിയ നാട്ടുമാവിന്റെ ചോട്ടിൽ കൊഴിഞ്ഞ ഇലകളുടെ വർണക്കളം മാഞ്ഞു. ഉരുട്ടു ചെണ്ടയ്ക്കുമേൽ താളമടിച്ചു തളർന്ന ചെണ്ടക്കോലുകൾ മൗനത്തിലായി. കൊമ്പിന്റെ കാഹളം നിലച്ചു. നാരകത്തറയിലെ വിളക്ക് കെട്ടു. കടിഞ്ഞൂൽ പടിയിറങ്ങി. കൂടെ രാച്ചിയമ്മയും.

**ശിവദാസൻ എ.കെ.**
മുറ്റിത്തടി പി.ഒ., ഭരത,
അലവങ്ങാ ചാലിൽ, തൃശൂർ - 680317
9745464899